48

# ശിഷ്യത്വത്തിന്റെ അടയാളങ്ങൾ

**വായനാ ഭാഗം #19**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിൽ എത്തുന്നതുവരെ (തുടർച്ച).

H. ഹെരോദാവിന്റെ പ്രദേശത്തുനിന്നും വീണ്ടുമൊരുമാറിപോകൽ (തുടർച്ച).

6. ഭൂതം-ബാധിച്ച കുട്ടിയെ സൗഖ്യമാക്കി (മത്താ. 17:14–21; മർക്കൊ. 9:14–29; ലൂക്കൊ. 9:37–43).
7. ഗലീലിയിലേക്ക് മടങ്ങിവരുന്നു (യേശുവിന്റെ മരണത്തെ വീണ്ടും മുന്നറിയിച്ചു) (മത്താ. 17:22, 23; മർക്കൊ. 9:30–32; ലൂക്കൊ. 9:43–45).

I. ദേവാലയ നികുതിയെക്കുറിച്ചുള്ള ചോദ്യം (മത്താ. 17:24–27).

J. ശിശുക്കളെ പോലെ ആകേണ്ട ആവശ്യത്തെ കുറിച്ചുള്ള ഉപദേശം (മത്താ. 18:1–14; മർക്കൊ. 9:33–50; ലൂക്കൊ. 9:46–50).

**മുഖവുര**

അവന്റെ ഭൗമിക ശുശ്രൂഷയുടെ അവസാന ദിവസങ്ങളിൽ, താൻ പോയ ശേഷമുള്ള സാഹചര്യത്തിനായി അപ്പൊസ്തലന്മാരെ ഒരുക്കുന്നതിൽ യേശു ശ്രദ്ധ ചെലുത്തി. അവൻ യാത്ര തിരിച്ചപ്പോൾ, "അത് ആരും അറിയരുതെന്ന് അവൻ ഇച്ഛിച്ചു. അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു ..." (മർക്കൊസ് 9:30, 31). ഒരു സമാന്തരപ്രയോഗം[1] പറയുന്നു, "സകല പ്രചാരവും ഒഴിവാക്കുവാൻ അവൻ ശ്രമിച്ചു, അങ്ങനെ അവന് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാനും, അവരോടൊപ്പം സമയം ചിലവഴിക്കുവാനും കഴിഞ്ഞു." ഈ ഉപദേശത്തിലെ ആവർത്തിക്കപ്പെടുന്ന വിഷയം ഇങ്ങനെ പ്രകടമാക്കാം "എന്റെ ശിഷ്യനായിരിക്കുക എന്നു പറഞ്ഞാൽ എന്തായിരിക്കും അർത്ഥം." അപ്പൊസ്തലന്മാർക്ക് ആ പാഠങ്ങൾ ആവശ്യമായിരുന്നു; അതുകൊണ്ട് നമുക്കും ആവശ്യമാണ്.

### നിങ്ങളുടെ കഴിവിലല്ല, കർത്താവിന്റെ ശക്തിയിൽ ആശ്രയിക്കുക (മത്താ. 17:14-21; മർക്കൊ. 9:14-29; ലൂക്കൊ. 9:37-43)

യേശുവും, പത്രൊസും, യാക്കോബും, യോഹന്നാനും "വിശുദ്ധ പർവ്വതത്തിൽ" നിന്ന് ഇറങ്ങിവരുന്നതുമായി ബന്ധപ്പെട്ടാണ് നമ്മുടെ പഠനം ആരംഭിക്കുന്നത് (2 പത്രൊസ് 1:18), അവിടെ വെച്ചായിരുന്നു കർത്താവ് മറുരൂപപ്പെട്ടത്. പത്തു കൽപനകൾ ലഭിച്ച് മോശെ പർവ്വതത്തിൽനിന്നിറങ്ങി വന്നപ്പോൾ, അവനെ എതിരേറ്റത് അനുസരണക്കേടുകൊണ്ടുള്ള കുഴപ്പ

ങ്ങളായിരുന്നു (പുറപ്പാട് 32); മറുരൂപശേഷം ക്രിസ്തു മലയിൽനിന്നിറങ്ങിവന്നപ്പോൾ, അവനെ നേരിട്ടത് അവിശ്വാസം കൊണ്ടുള്ള കുഴപ്പമായിരുന്നു.

ഒരു മനുഷ്യൻ തന്റെ ഭൂത–ബാധിതനായ മകനെ സൗഖ്യമാക്കുവാൻ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു, എന്നാൽ അവന്റെ ശിഷ്യന്മാർക്ക് ഭൂതത്തെ പുറത്താക്കുവാൻ കഴിഞ്ഞില്ല. എപ്പോഴും–സന്നിഹിതരായിരിക്കയും എപ്പോഴും–വിമർശിക്കുകയും ചെയ്തിരുന്ന ശാസ്ത്രിമാർ ക്രിസ്തുവിന്റെ ശുശ്രൂഷയെ[2] പഴിക്കുവാൻ അവസരം നോക്കിയിരുന്നു. വന്നിരുന്ന എല്ലാവരിലും വിശ്വാസബലഹീനത ഉണ്ടായിരുന്നതായി കണ്ട (ശാസ്ത്രിമാർ, പുരുഷാരം, ആ കുട്ടിയുടെ അപ്പൻ, യേശുവിന്റെ ശിഷ്യന്മാർ പോലും) ക്രിസ്തുവിന്റെ ഹൃദയം നുറുങ്ങി (മത്തായി 17:17; മർക്കൊസ് 9:19; ലൂക്കൊസ് 9:41). എങ്കിലും, അവരുടെ അവിശ്വാസം കണക്കാക്കാതെ അവൻ തന്റെ വിശ്വസ്തത[3] പ്രകടമാക്കുകയും, ആ കുട്ടിയെ[4] സൗഖ്യമാക്കുകയും ചെയ്തു (മത്തായി 17:18; മർക്കൊസ് 9:25, 26; ലൂക്കൊസ് 9:41).

പിന്നീട്, കർത്താവും തന്റെ അപ്പൊസ്തലന്മാരും മാത്രം ആയപ്പോൾ, അവർ അവനോടു ചോദിച്ചു, "ഞങ്ങൾക്കു എന്തുകൊണ്ടാണ് [ഭൂതത്തെ] പുറത്താക്കുവാൻ കഴിയാതിരുന്നത്?" (മത്തായി 17:19; മർക്കൊസ് 9:28). അവൻ മറുപടി പറഞ്ഞു, "നിങ്ങളുടെ അല്പ വിശ്വാസം നിമിത്തമത്രേ; നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ, ഈ മലയോടു, 'ഇവിടെ നിന്നു അങ്ങോട്ടു നീങ്ങുക,' എന്നു പറഞ്ഞാൽ, അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാധ്യമാകയുമില്ല എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപോകുന്നില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 17:20).[5] ആ സംഭവത്തിലെ അപ്പനെ പോലെ (മർക്കൊസ് 9:24), അപ്പൊസ്തലന്മാർ വിശ്വസിച്ചിരുന്നു – എങ്കിലും അവർ വാസ്തവത്തിൽ വിശ്വസിച്ചിരുന്നില്ല (മത്തായി 17:20). നമ്മെപ്പോലെ, അവരും തങ്ങളുടെ വിശ്വാസത്തിൽ വിഷമിച്ചിരുന്നു.

അനേകം എഴുത്തുകാർ വിശ്വസിക്കുന്നത് അപ്പൊസ്തലന്മാർക്ക് ആ ഭൂതത്തെ പുറത്താക്കുവാൻ കഴിയാതിരുന്നത് അവർ തങ്ങളുടെ *സ്വന്തം* കഴിവിൽ[6] തന്നെ ആശ്രയിച്ച് ചെയ്യുവാൻ ശ്രമിച്ചതുകൊണ്ടാണെന്നത്രേ. പൗലൊസ് എഴുതിയത് "നാം നമ്മിലല്ല ആശ്രയിക്കേണ്ടതു, ദൈവത്തിലത്രേ" എന്നാണ് (2 കൊരിന്ത്യർ 1:9). അനേകവർഷങ്ങൾക്കു മുൻപ്, ദാവീദ് പറഞ്ഞു, "നീതിയാഗങ്ങളെ അർപ്പിപ്പിൻ, *യഹോവയിൽ ആശ്രയം വെപ്പിൻ*" (സങ്കീർത്തനങ്ങൾ 4:5; എംഫസിസ് മൈൻ). ജ്ഞാനിയായ മനുഷ്യൻ വൈകാരികമായി പ്രതികരിച്ചു: "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്ത വിവേകത്തിൽ ഊന്നരുത്" (സദൃശ്യവാക്യങ്ങൾ 3:5).

വാസ്തവത്തിലുള്ള ശിഷ്യൻ തന്റെ സ്വന്ത കുറവുകൾ സമ്മതിക്കും (റോമർ 3:10). അവൻ തന്റെ ബലത്തിന് യഹോവയിൽ ആശ്രയിക്കും (നോക്കുക 2 ശമുവേൽ 22:31; സങ്കീർത്തനങ്ങൾ 9:10; 37:3, 5; 40:3, 4; 115:10, 11; യെശയ്യാവു 26:4; ഫിലിപ്പിയർ 2:24).

## നിങ്ങളുടെ വിവേകത്തിലല്ല, കർത്താവിന്റെ വചനത്തിൽ ആശ്രയിക്കുക (മത്താ. 17:22, 23; മർക്കൊ. 9:30-32; ലൂക്കൊ. 9:43-45)

"ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു" നിന്ന് യേശുവും പന്തിരു

വരും മടങ്ങി (മത്തായി 16:13; നോക്കുക മർക്കൊസ് 8:27) ഗലീലിയിലേക്കു വന്നു (മത്തായി 17:22; മർക്കൊസ് 9:30).[7] മുൻപ് നടന്ന യാത്രകളിൽ നിന്ന് വിപരീതമായി, ക്രിസ്തു പുരുഷാരത്തെ വിട്ടുകൊണ്ടായിരുന്നു ആ ദേശത്തേക്ക് സഞ്ചരിച്ചത്. മുൻപുകണ്ടതുപോലെ, "ആരും അത് അറിയരുതെന്ന് അവൻ ആഗ്രഹിച്ചു. കാരണം അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കയായിരുന്നു ..." (മർക്കൊസ് 9:30, 31).

വരുവാനിരുന്ന തന്റെ മരണത്തെ കുറിച്ചായിരുന്നു അവൻ തുടർച്ചയായി സംസാരിച്ച ഒരു വിഷയം: "... അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു അവരോടു, 'മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും, അവർ അവനെ കൊല്ലും; കൊന്നിട്ടു മൂന്നു നാൾ കഴിഞ്ഞശേഷം, അവൻ ഉയിർത്തെഴുന്നേല്ക്കും' എന്നു പറഞ്ഞു"[8] (മർക്കൊസ് 9:31; മത്തായി 17:22, 23 നോക്കുക).

ലൂക്കൊസിന്റെ വിവരണം അനുസരിച്ച്, അവൻ ഈ പ്രഖ്യാപനം നടത്തി പറയുന്നു, "നിങ്ങൾ ഈ വാക്ക് ശ്രദ്ധിച്ചുകേട്ടുകൊൾവിൻ" (ലൂക്കൊസ് 9:44). ഇത് സൂചിപ്പിക്കുന്നത്, "ശ്രദ്ധിക്കുക, വാസ്തവത്തിൽ ശ്രദ്ധിക്കുക! അതിനെ കുറിച്ച് ശ്രദ്ധിക്കുകയും ചിന്തിക്കുകയും ചെയ്യുക! ഞാൻ പറയുന്നത് ശ്രദ്ധിക്കുകയും ഓർമ്മിക്കുകയും ചെയ്യുക! ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുക!" വാക്കുകൾ കേൾക്കുക മാത്രം ചെയ്യുന്നതു ശ്രദ്ധിക്കുന്നതുപോലെയല്ല. ഏതു സമയത്തും കർത്താവു പറയുന്നതു, അവന്റെ വാക്കുകൾ നമ്മുടെ കാതുകളിലും മനസ്സുകളിലും *പതിപ്പിക്കണ*മെന്നാണ്, അങ്ങനെ അവ നമ്മുടെ ജീവിതത്തിൽ പ്രതിഫലിച്ചു കാണും!

യേശുവിന്റെ വാക്കുകളാൽ ശിഷ്യന്മാർ "വളരെ ദുഃഖിച്ചു" (മത്തായി 17:23), എന്നാൽ ഒരിക്കൽ കൂടെ "ആ പ്രസ്താവന എന്തെന്ന് അവർക്ക് മനസ്സിലായില്ല" (മർക്കൊസ് 9:32). അവന്റെ മരണത്തെ കുറിച്ചുള്ള പ്രസ്താവന മനസ്സിലാകാത്തതിന്റെ കാരണം മശിഹ മരിക്കുമെന്ന ആശയം അവരുടെ മശിഹാ പ്രത്യാശക്കു[9] എതിരായിരുന്നു. അവന്റെ ഉയിർപ്പിനെ കുറിച്ചുള്ള പ്രസ്താവന അവർക്കു മനസ്സിലാകാതിരുന്നതിന്റെ കാരണം ആ ആശയം അവരുടെ അനുഭവത്തിന് എതിരായിരുന്നു (മർക്കൊസ് 9:10 നോക്കുക).

അവർക്കു മനസ്സിലായില്ലെങ്കിലും, കൂടുതൽ വിശദീകരണത്തിനായി "അവർ അവനോടു ചോദിപ്പാൻ ഭയപ്പെട്ടു" (മർക്കൊസ് 9:32). അവർ ഭയപ്പെടുവാൻ കാരണം ഒരുപക്ഷെ അവരുടെ ചോദ്യങ്ങൾ അവിശ്വാസമായി കണക്കിട്ടാലോ എന്നതിനാലാകാം. ഒരുപക്ഷെ പത്രൊസിന് ലഭിച്ചതുപോലെയുള്ള ശാസന ഭയന്നിട്ടുമായിരിക്കാം (മത്തായി 16:23). ഒരുപക്ഷെ അവരുടെ അജ്ഞത പ്രകടിപ്പിക്കുവാൻ മടിച്ചതുകൊണ്ടുമാകാം. എന്റെ അജ്ഞത സമ്മതിച്ചുകൊണ്ടു മാത്രമെ എനിക്കു പുതിയത് എന്തെങ്കിലും പഠിക്കുവാൻ കഴിയൂ എന്ന് ഞാൻ പണ്ടുതന്നെ മനസ്സിലാക്കിയിരുന്നു. അത്തരം സമ്മതം വേദനാജനകമാണ്, എന്നാൽ അത് ആവശ്യവുമാണ്.

ഈ സംഭവത്തെ കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണം ഒരു കുഴപ്പിക്കുന്ന വിശദാംശമാണ് നൽകുന്നത്: "... ആ വാക്ക് അവർ ഗ്രഹിച്ചില്ല, അതു തിരിച്ചറിയാതവണ്ണം *അവർക്കു മറഞ്ഞിരുന്നു* ..." (ലൂക്കൊസ് 9:45; എംഫസിസ് മൈൻ). ശിഷ്യന്മാരിൽനിന്ന് അർത്ഥം മറെച്ചുവെച്ചതു ആർ അല്ലെങ്കിൽ എന്ത്? അവർ അതു പൂർണ്ണമായി മനസ്സിലാക്കിയാൽ യേശുവിന്റെ പ്രസ്താവനയിൽ അവർ അമിതമായി ആഹ്ലാദിക്കുമെന്നതുകൊണ്ടാകാം

കർത്താവു അതു മറച്ചുവെച്ചത്. ഒരുപക്ഷെ സാത്താൻ അതു മറച്ചുവെച്ച താകാം; എന്നിരുന്നാലും, മനുഷ്യ മനസ്സിൽ നിന്ന് വചനം തുടർച്ചയായി നീക്കുവാൻ അവൻ ശ്രമിച്ചിരുന്നു" (ലൂക്കൊസ് 8:12). എങ്ങനെയായാലും, ഞാൻ വിചാരിക്കുന്നത്, ബർട്ടൻ കോഫ്മാൻ പറഞ്ഞതു ശരിയാണെന്നാണ്, "ആ മറെച്ചുവയ്ക്കൽ ദൈവത്തിന്റെ പദ്ധതി ആയിരുന്നില്ല [ഞാൻ ചേർക്കുന്നതു "അല്ലെങ്കിൽ പിശാച്"] എന്നാൽ മനുഷ്യന്റെ പരിമിതികൾക്കാണ്."[10] ഏതാണ്ട് അതുപോലെ, രാജ്യത്തെ കുറിച്ച് അപ്പൊസ്തലന്മാരുടെ ഉള്ളിൽ ഉണ്ടായിരുന്ന മുൻവിധിയാണ് മറഞ്ഞിരിക്കുവാൻ കാരണമായത്.

അത് അങ്ങനെ ആയിരുന്നാലും അല്ലെങ്കിലും, തന്റെ വരുവാനുള്ള മരണം, അടക്കം, ഉയിർപ്പ് എന്നിവയെ കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രസ്താവന മനസ്സിലാക്കുവാൻ അവർക്ക് പ്രയാസമ*യിരുന്നു*. കർത്താവു പറയുന്നത് സ്വീകരിക്കലാണ് ശിഷ്യത്വത്തിനു ആവശ്യമായ ഗുണം, തന്റെ ആശയത്തിനും വിവേകത്തിനും യോജിക്കാൻ പറ്റാത്തതാണെങ്കിൽ പോലും. പൗലൊസ് മനുഷ്യജ്ഞാനത്തിൽ ആശ്രയിക്കുന്നതിന്റെ പ്രയോജനരാഹിത്യത്തെ ഊന്നിക്കൊണ്ടാണ് ഇതു എഴുതിയത്,

> ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും, രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. "ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും, ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും" എന്ന്, എഴുതിയിരിക്കുന്നുവല്ലൊ. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിലെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്ക കൊണ്ട്, വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി (1 കൊരിന്ത്യർ 1:18–21).

വാസ്തവത്തിലുള്ള ഒരു ശിഷ്യൻ മനുഷ്യവിവേകത്തിൽ ഊന്നുകയില്ല (സദൃശ്യവാക്യങ്ങൾ 3:5), എന്നാൽ ദൈവീക വെളിപ്പാടിൽ ആശ്രയിക്കും (2 തിമൊഥെയൊസ് 3:16, 17).

## സ്വന്തകാര്യത്തിനുവേണ്ടിയല്ല, കർത്താവിനുവേണ്ടി കരുതലുള്ളവരാകുക (മത്താ. 17:24-27[11])

യേശുവും തന്റെ സംഘവും ഗലീലയിൽ സഞ്ചരിച്ചപ്പോൾ, ആ പ്രദേശത്തുള്ള അവന്റെ ശുശ്രൂഷയുടെ കേന്ദ്രസ്ഥാനത്ത് കർത്താവ് ശുശ്രൂഷ ചെയ്തു. "അവർ കഫർന്നഹൂമിൽ എത്തിയാറെ, ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ പത്രൊസിന്റെ അടുക്കൽ വന്നു, 'നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ?' എന്നു ചോദിച്ചു" (വാ. 24).

ഗ്രീക്ക് വേദഭാഗത്ത് "ദ്വിദ്രഹ്മപ്പണം"[12] എന്നു മാത്രമാണ്. നമ്മുടെ പഠനങ്ങളിൽ കാണുന്ന റോമൻ ദിനാറിനോടു ഏതാണ്ട് തുല്യമായ ഗ്രീക്ക് നാണയമായിരുന്നു ദ്രഹ്മ[13] (ലൂക്കൊസ് 7:41; യോഹന്നാൻ 6:7 നോക്കുക) – അത് സാധാരണ ജോലിക്കാരന്റെ[14] ഒരു ദിവസത്തെ ശമ്പളമായിരുന്നു (മത്തായി 20:2 നോക്കുക).

ആദ്യ വേദഭാഗത്തിൽ, "ചുങ്കം" എന്നത് വാക്യം 24–ൽ കാണുന്നില്ല, പക്ഷെ വാക്യം 25–ൽ അത് യേശു ഉപയോഗിച്ചിരുന്നു. ഇവിടെ ചോദിച്ച ചുങ്കം ദേവാലയ ചുങ്കമായിരുന്നു.[15] ദേവാലയ സൂക്ഷിപ്പിനും ആരാധനാ ചിലവുകൾക്കുമായി, അരശേക്കെൽ ഇരുപതു വയസ്സോ അതിൽ കൂടുതലോ ഉള്ള, ഓരോ യെഹൂദ പുരുഷനും മോശെയുടെ ന്യായപ്രമാണം അനുസരിച്ച് ചുങ്കം കൊടുക്കണം (പുറപ്പാട് 30:11–16; നോക്കുക 2 രാജാക്കന്മാർ 12:12; 2 ദിനവൃത്താന്തം 24:5–9; നെഹമ്യാവു 10:32). ഒരു ശേക്കെൽ ഏതാണ്ട് നാലു ദിനാറിനു അല്ലെങ്കിൽ നാലു ദ്രഹ്മയ്ക്കു തുല്യം ആയിരുന്നു, അതുകൊണ്ട് അരശേക്കെൽ എന്നത് രണ്ടു ദിനാറോ അല്ലെങ്കിൽ രണ്ടു ദ്രഹ്മയോ ആയിരുന്നു.

റോമൻ ചുങ്കം പിരിക്കുന്നവർക്കു പുറമെ, ചുങ്കം പിരിക്കുന്നവർ, യെഹൂദ ദേവാലയ പ്രമാണിമാരായിരുന്നു. വസന്തകാലത്തിലായിരുന്നു അന്ന് സാധാരണ ചുങ്കം പിരിച്ചിരുന്നത്, ഇപ്പോൾ അത് ഗ്രീഷ്മ കാലത്തിന്റെ ആദ്യം; എന്നാൽ മാസങ്ങളോളം ക്രിസ്തു കഫർന്നഹൂമിൽ ഉണ്ടായിരുന്നില്ല (അവന്റെ "താമസസ്ഥലം"). ഇപ്പോൾ ചുങ്കം പിരിക്കുന്നവർ അവൻ അവിടേക്കു മടങ്ങിവന്നിരിക്കുന്നു എന്നു കേട്ടറിഞ്ഞ് അവനെ കണ്ടെത്തേണ്ടതിന് വന്നിരിക്കുന്നു. ഒരുപക്ഷെ അവർക്ക് കോട്ട തികയ്ക്കേണ്ടിയിരുന്നേക്കാം, എന്നാൽ അവർ ഒരുപക്ഷെ അവന് എതിരായി ആരോപിക്കുവാൻ തെളിവുകൾ ശേഖരിക്കുകയായിരുന്നേക്കാം.

ക്രിസ്തു കഫർന്നഹൂമിൽ എത്തുമ്പോൾ പലപ്പോഴും പത്രൊസിന്റെ വീട്ടിൽ താമസിച്ചിരുന്നു (മർക്കൊസ് 1:29, 30; 2:1 നോക്കുക), അതുകൊണ്ടു പ്രമാണിമാർ അവനെ അവിടെ തിരഞ്ഞുപോയി. പത്രൊസിനെ വീടിനു പുറത്തുവെച്ചു കണ്ടു,[16] അവർ ചോദിച്ചു, "നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ?" (മത്തായി 17:24). ഒരിക്കലും വാക്കുകൾ കിട്ടാതിരിക്കാത്ത, ആ അപ്പൊസ്തലൻ പറഞ്ഞു, "ഉവ്വ്" (വാ. 25). അവൻ "ഉവ്വ്" എന്നു പറയുവാൻ കാരണം കർത്താവു മുൻപ് ചുങ്കം കൊടുത്തിരിക്കാം. ഒരുപക്ഷെ ന്യായപ്രമാണം അനുസരിക്കുവാൻ ക്രിസ്തു പഠിപ്പിച്ചിരുന്നത് അവൻ ഓർമ്മിച്ചതുകൊണ്ടാകാം അങ്ങനെ പറഞ്ഞത്. ഒരുപക്ഷെ, പത്രൊസ് എല്ലായ്പ്പോഴും എന്നപോലെ, തന്റെ മനസ്സിൽ ആദ്യം വന്നത് അവൻ പറഞ്ഞിരിക്കും.

പത്രൊസിന്റെ കാരണം എന്തായാലും, സംഭവിച്ചതെന്താണെന്നു അറിയാമായിരുന്ന, കർത്താവു, അത് പ്രധാനപ്പെട്ട പാഠം പഠിപ്പിക്കുവാനുള്ള അവസരമായി കണ്ടു. "[അപ്പൊസ്തലൻ] വീട്ടിലേക്കുവന്നപ്പോൾ," സംഭവിച്ചതു പറയുവാൻ തുടങ്ങുന്നതിനുമുൻപ്, "യേശു അവനോട് ആദ്യം സംസാരിച്ചു, പറഞ്ഞു, 'ശീമോനെ, നിനക്ക് എന്തുതോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു, പുത്രന്മാരോടോ അന്യന്മാരോടോ?'" (വാ. 25). പത്രൊസിന് ആ ചോദ്യത്തിൽ വിഷമം നേരിട്ടില്ല. അവൻ ഉത്തരം പറഞ്ഞു, "അന്യന്മാരോടു" (വാ. 26). യേശു മറുപടി പറഞ്ഞു, "അപ്പോൾ പുത്രന്മാർ ഒഴിവുള്ളവരല്ലോ?" (വാ. 26). അന്തർലീനമായ കാര്യമെന്തെന്നാൽ, രാജാവിന്റെ (ദൈവം) മകൻ എന്ന നിലയിൽ, ക്രിസ്തു തന്റെ പിതാവിന്റെ ഭവനത്തിൽ (ദേവാലയം)[17] ചുങ്കത്തിൽ നിന്ന് ഒഴിവുള്ളവനായിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, അവനു ചുങ്കം കൊടുക്കാതിരിക്കുവാൻ *ഒരു അവകാശമുണ്ടായിരുന്നു* – എന്നാൽ

ഒരു ശിഷ്യൻ തന്റെ അവകാശങ്ങളിൽ ശഠിച്ചു നിൽക്കേണ്ടവനല്ല എന്ന പാഠം പത്രൊസ് പഠിക്കേണ്ടിയിരുന്നു, അതു ചെയ്യാതിരുന്നാൽ, അവൻ തന്റെ യജമാനന്റെ സൽപേരിന് മുറിവുണ്ടാക്കും.

യേശു തുടർന്നു, "എങ്കിലും നാം അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന്, നീ കടലിലേക്കുചെന്നു, ചൂണ്ടൽ ഇട്ടു,[18] ആദ്യം കിട്ടുന്ന മീനിനെ എടുക്ക; അതിന്റെ വായ് തുറക്കുമ്പോൾ, ഒരു ചതുർദ്രഹ്മപ്പണം കാണും. അതു എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു" (വാ. 27). റിച്ചാർഡ് റോജേഴ്സ് എഴുതി, "എന്തൊരു വിരോധാഭാസം! ഒരു രാജാവ് ആയാലും ദാരിദ്ര്യത്താൽ–ഉഴഞ്ഞാലും അര–ശേക്കെൽ[19] ദേവാലയ ചുങ്കം വർഷം തോറും കൊടുക്കണമായിരുന്നു." "ശേക്കെൽ" എന്നു തർജ്ജിമ ചെയ്തതിന്റെ ഗ്രീക്ക് വാക്കാണ് *സേറ്റർ*, നാല് ദ്രഹ്മ[20] വിലയുള്ള ഒരു ഗ്രീക്ക് നാണയമാണത് – കൃത്യമായി പറഞ്ഞാൽ അതു നാലുപേർക്കുള്ള ദേവാലയ ചുങ്കമാണ്.

ക്രിസ്തു നിർദ്ദേശിച്ച അത്ഭുതം പ്രത്യേകതയുള്ളതായിരുന്നു. അതുമാത്രമായിരുന്നു പണം ഉൾപ്പെട്ടിരുന്നത്, അതു മാത്രമായിരുന്നു അവന് വ്യക്തിപരമായി പ്രയോജനപ്പെട്ടിരുന്നത്, ഫലത്തെ കുറിച്ച് പറയാതിരുന്ന അത്ഭുതം അതു മാത്രമായിരുന്നു, കർത്താവിന്റെ അത്ഭുതങ്ങളിൽ വെച്ച് അതു ശക്തമായിരുന്നു എന്നു സംശയരഹിതമായി പറയാം. തീർച്ചയായും, യേശു *ഒരു മീൻപിടുത്തക്കാരനെ* കുറിച്ചു പറഞ്ഞ വാക്കുകൾ അൽപം രസം ജനിപ്പിക്കുന്നതായി നമുക്കു തോന്നാം – പലപ്പോഴും അയാൾ ചിന്തിക്കാതെയാണ് *വായ്* തുറന്നിരുന്നത് – ഒരു പ്രശ്നത്തിന്റെ പരിഹാരം കാണേണ്ടത് *ഒരു മത്സ്യത്തിന്റെ വായിൽ* നിന്നുമായിരുന്നു.

എങ്ങനെയായാലും, അത്ഭുതത്തിന്റെ പുതുമ യേശുവിന്റെ നിർദ്ദേശങ്ങളിലെ മുഖ്യവാക്കുകളെ മറയ്ക്കുവാൻ, നിങ്ങൾ അനുവദിക്കരുത്: "അതുകൊണ്ട് നാം അവർക്ക് ഇടർച്ച വരുത്തരുത്." "ഇടർച്ച" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് നമുക്ക് "നിന്ദിക്കൽ" എന്ന വാക്ക് ലഭിക്കുന്നത്. പ്രമാണിമാരെ ഇടർച്ച വരുത്തുന്നതിനെ കുറിച്ചായിരുന്നില്ല ക്രിസ്തു വിചാരപ്പെട്ടത്; തന്റെ ശുശ്രൂഷയിൽ അസ്വാരസ്യം ഉണ്ടാക്കുന്ന യാതൊന്നും പാടില്ല *എന്നായിരുന്നു* അവൻ ചിന്തിച്ചത്. ശരിയായതു ചെയ്യുന്നത് ഒരാളുടെ അവകാശത്തിന്മേൽ ശഠിക്കുന്നതിനേക്കാൾ മുൻഗണനയുള്ളതായി കാണുവാൻ പത്രൊസ് ശീലിക്കണമെന്ന് അവൻ ആഗ്രഹിച്ചു.

ഈ ചിന്ത ഒരു "കഠിനവാക്ക്" ആണ് (യോഹന്നാൻ 6:60; കെജെവി). നമ്മുടെ അവകാശങ്ങളെ കുറിച്ച് ശഠിക്കുന്നതു സ്വാഭാവികമാണ്. നമുക്ക് അർഹതയുള്ളതു കിട്ടുവാനായി നാം ആവശ്യപ്പെടുന്നു. നമുക്ക് അവകാശപ്പെട്ടതിനെ നമ്മിൽ നിന്നു എടുത്തുമാറ്റുന്ന ആരെയും നാം എതിർക്കും. ആ സ്വാഭാവിക ഉൾപ്രേരണയിൽനിന്ന് ഉയർന്ന്, നമ്മുടെ പ്രവർത്തികൾ എങ്ങനെ അവനുവേണ്ടി ഫലപ്രദമാക്കി തീർക്കാം എന്ന് ചിന്തിക്കുവാനാണ് യേശു ആഹ്വാനം ചെയ്യുന്നത്. നമ്മുടെ വേദഭാഗത്തിലെ പദപ്രയോഗം ഉപയോഗിച്ചുകൊണ്ട്, നമ്മുടെ അവകാശങ്ങളെ കുറിച്ച് നാം ശഠിക്കുന്നതു ക്രിസ്തുവിന്റെ നാമത്തെ സംബന്ധിച്ച് "ഒരു നിന്ദ" യായി ഭവിക്കുകയാണെങ്കിൽ, നാം നമ്മുടെ അവകാശങ്ങളെ ഉപേക്ഷിക്കണം.

ഇത്തരത്തിൽ സ്വയം മറക്കുവാൻ മാത്രമല്ല യേശു പഠിപ്പിച്ചത്; അവൻ

അപ്രകാരം ജീവിക്കുകയായിരുന്നു. അവൻ തന്റെ ഭൗമിക ശുശ്രൂഷയുടെ ആരംഭത്തിൽ അത് പ്രത്യക്ഷമാക്കിയതു നാം കണ്ടു: അവൻ യോഹന്നാനാൽ സ്നാനമേൽക്കേണ്ട ആവശ്യമില്ലായിരുന്നു കാരണം അവനിൽ "പാപം ഇല്ലായിരുന്നു" (എബ്രായർ 4:15; മത്തായി 3:14 നോക്കുക), എന്നാൽ "സകലനീതിയും നിറവേറപ്പെടേണ്ടതിനു" അവൻ ആ അവകാശം വിട്ടുകളഞ്ഞു (മത്തായി 3:15). ക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാനവും ഒരു പ്രദർശനം നാം കാണും: മരണയോഗ്യമായ യാതൊന്നും അവൻ ചെയ്യാതിരുന്നതുകൊണ്ട് അവനു മരിക്കേണ്ട ആവശ്യമില്ലായിരുന്നു (ലൂക്കൊസ് 23:4), എന്നാൽ നാം രക്ഷിക്കപ്പെടേണ്ടതിന് അവൻ ആ അവകാശം വിട്ടുകളഞ്ഞു (1 കൊരിന്ത്യർ 15:3).

വാസ്തവത്തിലുള്ള ഒരു ശിഷ്യൻ തന്റെ അവകാശങ്ങളെ കുറിച്ചല്ല കരുതുന്നത് മറിച്ച് അവൻ കർത്താവിനു മഹത്വം കൊടുക്കേണ്ടതിനും അവന്റെ നാമം ഉയർത്തപ്പെടേണ്ടതിനുമാണ് ചിന്തിക്കേണ്ടത്![21]

## നിങ്ങളുടെ താൽപര്യങ്ങളെ അല്ല, കർത്താവിന്റെ വേലയെ വർദ്ധിപ്പിക്കുക

**(മത്താ. 18:1-14; മർക്കൊ. 9:33-50; ലൂക്കൊ. 9:46-50)**

സഭ പണിയുന്നതിന് തൊട്ടുമുൻപ്, യേശു തന്റെ മശിഹാരാജ്യത്തെ പണിയുവാനിരിക്കുന്ന സഭയായി തിരിച്ചറിഞ്ഞു (മത്തായി 16:18, 19). തന്റെ രാജ്യം ആത്മീകമാണെന്ന് അവൻ തന്റെ അനുയായികളെ തുടർച്ചയായി ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു – അത് ഭൗമികമല്ല, ജഡികമോ, രാഷ്ട്രീയമോ അല്ല. അതു മനുഷ്യഹൃദയങ്ങളിൽ സ്ഥിതിചെയ്യും, അല്ലാതെ ചിത്രത്തിലല്ല. അവന്റെ ശിഷ്യന്മാർക്ക് ആ സത്യം മുഴുവനായും മനസ്സിലായിരുന്നില്ല. രേഖപ്പെടുത്തിയ അടുത്ത സംഭവത്തിൽ അവരുടെ ഗ്രാഹ്യ കുറവു വ്യക്തമായിരുന്നു.

ഒരു ദിവസം, അവർ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, "രാജ്യത്തിൽ" "തങ്ങളിൽ ആരായിരിക്കും വലിയവൻ" എന്നതിനെ സംബന്ധിച്ച് പന്തിരുവർ വാദിക്കുവാൻ തുടങ്ങി (ലൂക്കൊസ് 9:46; നോക്കുക മത്തായി 18:1; മർക്കൊസ് 9:34). ഒരുപക്ഷെ യേശു പത്രൊസിനോടു വാഗ്ദാനം ചെയ്തതുകൊണ്ടായിരിക്കാം അവരിൽ തർക്കമുണ്ടായത് (മത്തായി 16:19) അല്ലെങ്കിൽ കർത്താവ് പത്രൊസിനേയും, യാക്കോബിനെയും, യോഹന്നാനെയും തന്നോടുകൂടെ പർവ്വതത്തിലേക്കു കൊണ്ടുപോയതുകൊണ്ടാകാം (മത്തായി 17:1). നമുക്കതിന്റെ വിശദാംശങ്ങൾ നൽകിയിട്ടില്ല, എന്നാൽ ആ വാദത്തിൽ നിന്ന് അപ്പൊസ്തലന്മാരെ ആരെയും ഒഴിവാക്കുവാൻ നമുക്കു കാരണവുമില്ല – പത്രൊസിനെയും, യാക്കൊബിനെയും, യോഹന്നാനെയും പോലും, ഒരു ഭൗമിക രാജ്യത്തിൽ[22] കർത്താവു തങ്ങളെ ഉയർന്ന സ്ഥാനത്താക്കിയിരിക്കുന്നുവെന്ന് അവർ ചിന്തിച്ചിരുന്നു.

അവർ തങ്ങളുടെ ലക്ഷ്യസ്ഥാനത്തു[23] എത്തിയപ്പോൾ, ക്രിസ്തു അവരോടു ചോദിച്ചു, "നിങ്ങൾ വഴിയിൽവെച്ചു തമ്മിൽ വാദിച്ചതെന്ത്?" (മർക്കൊസ് 9:33). ഉടനെ, അവർ മറുപടി പറഞ്ഞില്ല (മർക്കൊസ് 9:34), ഒരുപക്ഷെ അവർ ലജ്ജിതരായതുകൊണ്ടാകാം. എങ്ങനെയായാലും, അവർ വാദിച്ചതു കൃത്യമായും യേശു മനസ്സിലാക്കിയെന്ന് അറിഞ്ഞപ്പോൾ (ലൂക്കൊസ് 9:47), അവർ ചോദിച്ചു, "സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയ

വൻ ആര*ാണ്?*" (മത്തായി 18:1; എംഫസിസ് മൈൻ).

**മക്കളോടുള്ള ബന്ധത്തിൽ പ്രാഥമികമായ പാഠം**

ജെ. ഡബ്ളിയു. മെക്ഗാർവെ എഴുതി, "പത്രൊസിന്റെ സമുന്നതത്വത്തെ കുറിച്ച് യേശു പഠിപ്പിക്കുവാൻ ആഗ്രഹിച്ചുവെങ്കിൽ, ഇതിനെക്കാൾ പറ്റിയ അവസരം മറ്റൊന്ന് ഉണ്ടാവുകയില്ല."[24] പകരം, ക്രിസ്തു ആ അവസരത്തെ ഏറ്റവും ആവശ്യമായ പാഠം പഠിപ്പിക്കുവാനാണ് ഉപയോഗിച്ചത്: "ഒരുവൻ മുമ്പനാകുവാൻ ഇച്ഛിച്ചാൽ, അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം"; "നിങ്ങളെല്ലാവരിലും ചെറിയവനായവൻ അത്രേ, വലിയവൻ ആകും" (മർക്കൊസ് 9:35; ലൂക്കൊസ് 9:48).

ആ സന്ദേശം ഉൾക്കൊള്ളുവാൻ, യജമാനനായ ഗുരു ജീവിക്കുന്ന ഒരു ദൃശ്യസഹായം ഉപയോഗിച്ചു: "അവൻ ഒരു ശിശുവിനെ[25] അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിർത്തി" (മത്തായി 18:2). "[കുട്ടിയെ] കൈകളിൽ എടുത്തു" കൊണ്ട് (മർക്കൊസ് 9:36), അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയി വരുന്നില്ല എങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല, എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവനാകും" (മത്തായി 18:3, 4).

ക്രിസ്തുവിന്റെ ആ വാക്കുകളിൽ നിന്ന് നമുക്ക് പല സത്യങ്ങളും കിട്ടും. ഉദാഹരണത്തിന്, മുഴുവൻ പാരമ്പര്യ അധാർമ്മികത എന്ന ഉപദേശത്തിലെ തെറ്റു അവർ എടുത്തു കാണിക്കുന്നു: ആദാമിന്റെ പാപം കൊണ്ടാണ് "മുഴുവനായും അധാർമ്മികതയോടെ" ഒരു ശിശു ജനിക്കുന്നത് എന്ന വിശ്വാസം. നാം ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതു ശിശുക്കളെ *പോലെ* ആയി തീർന്നു കൊണ്ടാണെന്നു യേശു പറഞ്ഞു. വീണ്ടും, ശിശു സ്നാനം എന്നു–വിളിക്കുന്നത് തെറ്റാണെന്നു കർത്താവിന്റെ വാക്കുകൾ തെളിയിക്കുന്നു: ഒരു ശിശു "അങ്ങനെ തന്നെ" രാജ്യത്തിനു അവകാശിയാവുകയും അവനെ അങ്ങനെ ആക്കുവാൻ ഒരു മനുഷ്യ–നിർമ്മിത ആചാരവും ആവശ്യമില്ല.

എങ്ങനെയായാലും, ക്രിസ്തു, തന്റെ ചിത്രീകരണത്തിലെ ഒരു സത്യത്തിന് കൂടുതൽ പ്രാധാന്യം നൽകി: അത് എളിമയുടെ[26] ആവശ്യത്തിനാണ്, ശുശ്രൂഷിപ്പിക്കുന്നതിനുപകരം ശുശ്രൂഷിക്കുവാനുള്ള ഒരു മനസ്സാണു അത്. അന്ന്, ശിശുക്കളെ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരായിട്ടാണ് കണക്കാക്കിയിരുന്നത്. ഇന്ന് പലപ്പോഴും അവരെയാണ് ആദ്യം ശുശ്രൂഷിക്കുന്നത്, എന്നാൽ അന്ന്, അവരെ പൊതുവിൽ അവസാനമായിട്ടാണ് ശുശ്രൂഷിച്ചിരുന്നത്. തന്റെ രാജ്യത്തിൽ എന്തെങ്കിലും വില ലഭിക്കണമെങ്കിൽ, തന്റെ ശിഷ്യന്മാർ എളിമ ധരിക്കുവാൻ[27] തയ്യാറാകണമെന്ന് അവരെ കർത്താവു പഠിപ്പിക്കുകയായിരുന്നു.

പുതിയ നിയമത്തിൽ ഉടനീളം താഴ്മയുടെ ആവശ്യകതയെ പഠിപ്പിക്കുന്നുണ്ട്.[28] പൗലൊസ് പറഞ്ഞു, "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ ..., താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്നു എണ്ണുവിൻ" (ഫിലിപ്പിയർ 2:3). പത്രൊസ് എഴുതി,

> ... അവ്വണ്ണം ഇളയവരേ, എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ, ദൈവം നിഗളികളോടു എതിർത്തുനിൽക്കുന്നു, താഴ്മയു

ള്ളവർക്കോ കൃപ നൽകുന്നു.

അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ, ദൈവ ത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ (1 പത്രൊസ് 5:5, 6).

ഒന്നാമനാകുവാൻ, നിങ്ങൾ അവസാനം ആകണം! വലിയവൻ ആകു വാൻ, നിങ്ങൾ ചെറുതാകണം! ഈ തത്വങ്ങൾ ഒന്നാം-നൂറ്റാണ്ടിലെ സദ സ്യർക്ക് മനസ്സിലാക്കുവാനും, സ്വീകരിപ്പാനും പ്രയാസമായിരുന്നു. സ്വയം-ഉയർച്ച വർദ്ധിപ്പിക്കുകയും സ്വയം-ശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്ന ഈ നിഗള ലോകത്തിൽ ഇന്ന് അത് ഇരട്ടി പ്രയാസമാണ്. നിങ്ങൾ എന്നെപ്പോലെ ആണെങ്കിൽ, ക്രിസ്തുവിന്റെ വാക്കുകൾ നിങ്ങളുടെ ഉള്ളിൽ ഇങ്ങനെ പ്രാർത്ഥിപ്പാൻ പ്രേരിപ്പിക്കും: “ദൈവമേ, കൂടുതൽ എളിമപ്പെടു വാൻ എന്നെ സഹായിക്കേണമേ. ശിശുവിനെ പോലെ ആകുവാൻ കൂടുത ലായി എന്നെ സഹായിക്കേണമേ.”

**ശിശുക്കളുമായിട്ടുള്ള ബന്ധത്തിൽ രണ്ടാമതു വരുന്ന പാഠങ്ങൾ**

ശിശുക്കളുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെടുന്ന വിവിധ ഉപദേ ശങ്ങളുടെ ഒരു പ്രസംഗം നൽകുകയായിരുന്നു യേശു ആ ദൃശ്യപ്രദർശന ത്തിലൂടെ (മത്തായി 18:5–14; പ്രത്യേകമായി വാക്യങ്ങൾ 5, 6, 10, 14 നോക്കുക). സന്ദേശം പുരോഗമിക്കുമ്പോൾ, “കൊച്ചു കുട്ടികൾ” എന്ന വാക്ക് വിപുല മാക്കിയത് കുട്ടികളെ മാത്രമല്ല, ശിശുക്കളുടെ വിശ്വാസമുള്ള[29] ശിഷ്യന്മാ രെയും ഉൾപ്പെടുത്തുവാനാണ് (ഒരുപക്ഷെ പുതിയ പരിവർത്തകരേയും പ്രത്യേകമായ ഊന്നൽ കൊടുത്തിരിക്കാം). മിക്ക പാഠങ്ങളും കൊച്ചുകുട്ടി കളെയും കുട്ടികളെ പോലെയുള്ള ശിഷ്യന്മാരെയും ഒരുപോലെ ഉദ്ദേശിച്ചു ള്ളതാണ്.

*ശിശുക്കളെ കൈക്കൊള്ളുന്നു (മത്താ. 18:5; മർക്കൊ. 9:37; ലൂക്കൊ. 9:48–50).* “കുട്ടികളെ” സ്വാഗതം ചെയ്യണം എന്നു പറഞ്ഞുകൊണ്ടാണ് ക്രിസ്തു തന്റെ ഈ ഭാഗത്തെ പ്രസംഗം ആരംഭിക്കുന്നത്: “ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവനോ, എന്നെയല്ല എന്നെ അയ ച്ചവനെ കൈക്കൊള്ളുന്നു” (മർക്കൊസ് 9:37).[30] കൊച്ചുകുട്ടികൾ പ്രത്യേ കതയുള്ളവരാണ്. ഓരോരുത്തരിലുമുള്ള – നന്മയ്ക്കുള്ള അല്ലെങ്കിൽ മോശ മായതിനുള്ള ശക്തി – ശ്രേഷ്ഠമാണ്. സഹിക്കേണ്ട ശല്യമായി നാം അവരെ ഒരിക്കലും കരുതരുത്. നാം അവരെ സ്നേഹിക്കുകയും, പോറ്റുകയും, അവരെ സംരക്ഷിക്കുവാൻ ശ്രമിക്കുകയും വേണം. അവസരങ്ങളെ പ്രതി നിധീകരിക്കുന്നവരായി നാം അവരെ കാണണം. നാം അവരെ എല്ലാ നില യിലും ശരിയായ വഴിയിൽ പഠിപ്പിക്കയും പരിശീലിപ്പിക്കയും വേണം (സദൃശ്യവാക്യങ്ങൾ 22:6).

ആളുകളെ “സ്വീകരിക്കുന്നതിനെ” കുറിച്ചുള്ള യേശുവിന്റെ വാക്കു കളും “എന്റെ നാമത്തിൽ” എന്ന പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നതും ക്രിസ്തുവിന്റെ നാമത്തിൽ ചിലർ ചിലതു ചെയ്തതിനെ സ്വീകരിക്കാൻ തയ്യാ റാ*കാതിരുന്ന* സംഭവത്തെ യോഹന്നാൻ ഓർക്കുന്നു. വിദ്യാർത്ഥികൾ ചില പ്പോൾ ചെയ്യുന്നതുപോലെ, അവൻ തന്റെ ഗുരുവിനെ തടസ്സപ്പെടുത്തി: “നാഥാ, ഒരുത്തൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ

കണ്ടു; ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ അവനെ വിരോധിച്ചു" (ലൂക്കൊസ് 9:49).

യോഹന്നാൻ സൂചിപ്പിച്ച ആ "ഒരുത്തൻ" ആരായിരുന്നു? വേദഭാഗം അതു പറയുന്നില്ല. ആ "ഒരുത്തൻ" വ്യക്തമായും ഭൂതത്തെ പുറത്താക്കിയതുകൊണ്ട്, അവൻ വ്യാജനായിരുന്നില്ല എന്നു കാണാം – അതുപോലെ ചിലർ യേശുവിന്റെ നാമത്തിൽ ബാധ ഒഴിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട് (പ്രവൃത്തികൾ 19:13–16). പന്തിരുവരെ കൂടാതെ യേശുവിന് വേറെയും ശിഷ്യന്മാർ ഉണ്ടായിരുന്നു എന്നത് മനസ്സിൽ വയ്ക്കുക (ലൂക്കൊസ് 6:13) യേശുവിന്റെ ഭൗമിക ശുശ്രൂഷയിൽ അത്ഭുതകരമായ ശക്തി അപ്പൊസ്തലന്മാരിൽ മാത്രമായിരുന്നില്ല പകർന്നിരുന്നത് എന്നതും ശ്രദ്ധിക്കുക (ലൂക്കൊസ് 10:1, 17 നോക്കുക).

യോഹന്നാന്റെ പ്രസ്താവനയിൽ പ്രധാനപ്പെട്ടവ ഒരുപക്ഷെ ഇങ്ങനെ ആകാം: "... അവൻ *ഞങ്ങളോടുകൂടെ* നിന്നെ അനുഗമിക്കായ്കയാൽ." മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആ സമയത്ത് കർത്താവിനോടുകൂടെ യാത്ര ചെയ്ത പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ ഒരാൾ അവൻ ആയിരുന്നില്ല. അപ്പൊസ്തലന്മാരുടെ എരിവുള്ള താൽപര്യത്തെയാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നതു എന്ന് ഓർമ്മിക്കുക. അപ്പൊസ്തലൻ അല്ലാത്ത, യേശുവിന്റെ മറ്റൊരു ശിഷ്യൻ ചെയ്ത പ്രവൃത്തിയിൽ അപ്പൊസ്തലന്മാർക്ക് അസൂയ തോന്നിയിരിക്കാം, വിശ്വാസകുറവു നിമിത്തം അവർക്കു ചെയ്യുവാൻ കഴിയാതിരുന്നതിനെ ചെയ്യുവാനുള്ള വിശ്വാസം ആ വ്യക്തിയിൽ കാണാം (മത്തായി 17:16, 19, 20).

യേശു യോഹന്നാനോടു പറഞ്ഞു, "അവനെ വിരോധിക്കരുത്, എന്റെ നാമത്തിൽ ഒരു വീര്യപ്രവൃത്തി ചെയ്തിട്ട്, വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ കഴിയുന്നവൻ ആരുമില്ല. നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്കു അനുകൂലമല്ലോ" (മർക്കൊസ് 9:39, 40). കർത്താവിന്റെ മുഖ്യവിചാരം വ്യക്തമാണ്. വാസ്തവത്തിൽ, അവൻ പറഞ്ഞു, "നമുക്ക് ലഭിക്കാവുന്ന എല്ലാ സ്നേഹിതന്മാരെയും വേണം. അനേകം പേർ എന്നെ മോശമായി സംസാരിക്കുമ്പോൾ ചുരുങ്ങിയത് ഒരാളെങ്കിലും അങ്ങനെ പറയാതിരിക്കുന്നുവല്ലോ."[31]

നിർഭാഗ്യവശാൽ, ചിലർ വാക്യം 40 ലെ – "നമുക്ക് പ്രതികൂലമല്ലാത്തവൻ അനുകൂലമല്ലോ" – എന്നതിനെ ക്രിസ്തുവിനുള്ള "വർ" എന്നു അവകാശപ്പെട്ടുകൊണ്ടു അവന്റെ നാമത്തിൽ സൽപ്രവൃത്തികൾ ചെയ്യുന്ന ആരെയും ക്രിസ്തു സ്വീകരിക്കുമെന്നു പഠിപ്പിക്കുവാൻ ഉപയോഗിക്കുന്നു. കർത്താവിന്റെ കൽപനകളെ അനുസരിച്ചാലും ഇല്ലെങ്കിലും – അതുകൊണ്ട്, നാമും അങ്ങനെയുള്ള ആളുകളെ സ്വീകരിക്കണമെന്ന്, അവർ ശഠിക്കും. ആ വ്യാഖ്യാനം വാക്യത്തെ മത്തായി 7:21–23 ലെ വാക്യങ്ങൾക്കു എതിരാക്കുന്നു.

> എന്നോടു "കർത്താവേ, കർത്താവേ," എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ, സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും, *നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും,* നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ? എന്നു പലരും ആ നാളിൽ എന്നോടു പറയും" അന്നു ഞാൻ അവ

രോടു, "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും" (എംഫസിസ് മൈൻ).

കർത്താവു നേരത്തെ പ്രഖ്യാപിച്ച ഒരു സത്യത്തിന്റെ മറ്റൊരു വശമാണ്[32] മർക്കൊസ് 9:40: "എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു" (മത്തായി 12:30). ഈ രണ്ടുവേദഭാഗങ്ങളും താരതമ്യപ്പെടുത്തി നോക്കിയാൽ, യേശുവിനെ കുറിച്ച് നിഷ്പക്ഷത പാലിക്കുക അസാധ്യമാണ് എന്നു പറയുവാൻ കഴിയും.

ഇപ്പോൾ തന്റെ അപ്പൊസ്തലന്മാർക്ക് വിഷയത്തെ പ്രായോഗികമാക്കി കൊടുക്കുന്നതു ഒഴിച്ചാൽ, മർക്കൊസ് 9:41–ൽ യേശു സ്വീകരിക്കൽ/കൈക്കൊള്ളൽ എന്ന വിഷയത്തിലേക്ക് മടങ്ങിവന്നു: "നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്നീ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്കു കുടിപ്പാൻ തന്നാൽ, അവന്നു പ്രതിഫലം കിട്ടാതിരിക്കയില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മർക്കൊസ് 9:41). കർത്താവു ആ പ്രസ്താവന നടത്തിയപ്പോൾ, ഒരു വാകൃത്തിലോ ഒരു പ്രവർത്തിയിലോ രക്ഷക്ക് ആവശ്യമായതെല്ലാം അവൻ ഉൾപ്പെടുത്തി സൂചിപ്പിക്കുകയായിരുന്നില്ല. അങ്ങനെ ആയിരുന്നുവെങ്കിൽ, നമുക്ക് വിശ്വസിക്കുന്നതിനും സ്നാനമേൽക്കുന്നതിനുമുള്ള ക്ഷണം പകർന്നു നൽകുവാൻ കഴിയും (മർക്കൊസ് 16:15, 16; ഗലാത്യർ 3:26, 27); നമുക്ക് ആളുകൾക്ക് വെള്ളം കൊടുക്കുവാനും വെള്ളം ക്രിസ്ത്യാനികൾക്ക് കൊടുക്കുവാൻ പറയുവാനും കഴിയും. യേശു പ്രസ്താവിച്ചതെന്തെന്നാൽ അവന്റെ നാമം ധരിക്കുന്നവരെ ആളുകൾ പ്രോത്സാഹിപ്പിക്കുമ്പോൾ ദൈവം അതിൽ പ്രസാദിക്കും എന്നാണ്.

*ശിശുക്കളെ പുനർജ്ജീവിപ്പിക്കൽ (മത്താ. 18:6–10; മർക്കൊ. 9:42–50).* ക്രിസ്തു പിന്നെ ''ശിശുക്കൾ'' എന്ന വിഷയത്തിലേക്ക് മടങ്ങിവന്നു: "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ, അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ല് കെട്ടി, അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തി കളയുന്നതു അവന്നു നന്നു" (മത്തായി 18:6; മർക്കൊസ് 9:42 നോക്കുക). ''തിരിക്കല്ല്'' എന്നത് ഗ്രീക്കിൽനിന്ന് തർജ്ജിമ ചെയ്തിരിക്കുന്നതു സൂചിപ്പിക്കുന്നതു ഒരു കഴുതയെ കൊണ്ട് തിരിപ്പിക്കുന്ന വലിയ ഒരു മൈൽക്കുറ്റിയാണ്. അത്തരം ഭാരത്തോടുകൂടി[33] കടലിലേക്ക് താഴ്ത്തുക എന്നത് വലിയ വിപത്തായിരിക്കും, എന്നാൽ അത് "ചെറിയവർക്ക്'' ഇടർച്ച വരുത്തുന്നതിനുള്ള വലിയ വിപത്തിന്റെ അത്ര വലുതല്ല.

നാം "ചെറിയവർ" എന്ന വാക്ക് പ്രയോഗിക്കുന്നതു കുട്ടികൾക്കു ആയാലും, പുതുപരിവർത്തകർക്ക് ആയാലും, ക്രിസ്ത്യാനികളെ പൊതുവിൽ സൂചിപ്പിച്ചുകൊണ്ടായാലും ഉപദേശം ഒന്നുതന്നെയാണ്: മറ്റൊരാളെ തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഒന്നും നാം ഒരിക്കലും ചെയ്യുവാൻ ശ്രമിക്കരുത് (റോമർ 14:13, 21 നോക്കുക). "അയ്യോ കഷ്ടം" എന്നത് ആരിൽകൂടെ ഇടർച്ച വരുന്നുവോ ആ മനുഷ്യനാണ് (മത്തായി 18:7).

യേശുവിന്റെ വാക്കുകൾ സ്വയ–പരിശോധന ചെയ്യുവാൻ പ്രേരിപ്പി

ക്കുന്നു: നമ്മെയോ മറ്റുള്ളവരെയോ ഉപദ്രവിക്കുന്ന എന്തെങ്കിലും പ്രവർത്തി നാം ചെയ്യുന്നുണ്ടോ? അങ്ങനെയെങ്കിൽ, അതു നമ്മുടെ ജീവിതത്തിൽ നിന്ന് തികച്ചും മാറ്റേണ്ടതാണ്:

> നിന്റെ കൈ നിനക്കു ഇടർച്ച വരുത്തിയാൽ, അതിനെ വെട്ടി കളക; ഊനനായി ജീവനിൽ കടക്കുന്നതു, രണ്ടു കയ്യുള്ളവനായി, കെടാത്ത തീയായ, നരകത്തിൽ പോകുന്നതിനെക്കാൾ, നിനക്ക് നല്ലു.... നിന്റെ കാൽ നിനക്ക് ഇടർച്ച വരുത്തിയാൽ, അതിനെ വെട്ടി കളക; മുടന്തനായി ജീവനിൽ കടക്കുന്നത്, രണ്ടു കാലുള്ളവനായി, കെടാത്ത തീയായ നരകത്തിൽ വീഴുന്നതിനെക്കാൾ, നിനക്ക് നല്ലു.... നിന്റെ കണ്ണു നിനക്കു ഇടർച്ച വരുത്തിയാൽ, അതിനെ ചൂന്നുകളക; ഒറ്റക്കണ്ണനായി, ദൈവരാജ്യത്തിൽ കടക്കുന്നതു, രണ്ടുകണ്ണുള്ളവനായി അഗ്നി നരകത്തിൽ വീഴുന്നതിനെക്കാൾ, നിനക്കു നല്ലു, അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല[34] (മർക്കൊസ് 9:43–48).

മലപ്രസംഗത്തിൽ യേശു മുൻപു ഇതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (നോക്കുക മത്തായി 5:27–30[35]). കർത്താവു ശരീരത്തെ വൈകല്യമുള്ളതാക്കി മാറ്റുവാൻ അല്ല പറഞ്ഞത്, മറിച്ച് ആത്മാവിനെ അച്ചടക്കത്തിൽ വരുത്തുവാനാണ്. നമ്മുടെ ജീവിതത്തിൽ തിന്മയെ പ്രോത്സാഹിപ്പിക്കുന്നതെന്തും – അതെത്ര വിലയുള്ളതായാലും – അത് അലിവുകൂടാതെ എടുത്തുകളയണം.

നരകത്തെ കുറിച്ചു, "അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല," എന്ന് പറയുന്നതിൽ യേശു അപ്രതീക്ഷിതമായ ഈ വാക്കുകൾ കൂടി ചേർക്കുന്നു: "എല്ലാവരും തീകൊണ്ടു ഉപ്പിടും" (മർക്കൊസ് 9:49).[36] മുൻപ് അവൻ ഉപ്പിനെ ആലങ്കാരികമായി ഉപയോഗിച്ചിട്ടുണ്ട് (മത്തായി 5:13[37]) അത് *സംരക്ഷിക്കുന്ന* ഒരു വസ്തുവായിട്ടാണ് സൂചിപ്പിച്ചത്. സംരക്ഷണ ആശയം ഒരുപക്ഷെ ഇവിടെയും കാണാം: അഭക്തരായിട്ടുള്ളവരെ നരകത്തിന്റെ തീയിൽ "സംരക്ഷിക്കും"; അതായതു, അവർ ഒരിക്കലും മരിക്കുകയില്ല. സ്വർഗ്ഗത്തിൽ സംരക്ഷിക്കുമെന്ന ഉറപ്പ് മഹത്വകരമായ ഒരു വിഷയമാണ്; താരതമ്യം ചെയ്യാവുന്നതിനപ്പുറമായ ആശയമാണ് നരകത്തിൽ സൂക്ഷിക്കുക എന്നത്.

അടുത്ത വാക്യത്തിൽ, ഉപ്പിന്റെ സങ്കൽപ്പത്തെ അൽപം മാറ്റി ക്രിസ്തു പറയുന്നു: "ഉപ്പു നല്ലതു തന്നെ; ഉപ്പ് കാരമില്ലാതെ പോയാലോ, എന്തോന്നിനാൽ അതിന്നു രസം വരുത്തും? നിങ്ങളിൽ തന്നെ ഉപ്പുള്ളവരും, അന്യോന്യം സമാധാനമുള്ളവരും ആയിരിപ്പിൻ" (മർക്കൊസ് 9:50). കർത്താവു മലപ്രസംഗത്തിൽ സൂചിപ്പിച്ചത് ആവർത്തിക്കുകയായിരുന്നു (മത്തായി 5:13), അതിനോടൊപ്പം ഈ പ്രായോഗികത ചേർത്തു: അവർ തങ്ങൾക്കിടയിൽ തുടർച്ചയായി വാദിച്ചുകൊണ്ടിരുന്നുവെങ്കിൽ (ലൂക്കൊസ് 9:46), അവരുടെ കാരം നഷ്ടപ്പെടും; അവർക്ക് "ഭൂമിയുടെ ഉപ്പ്" ആകുവാൻ കഴിയുകയില്ല. നാം അന്യോന്യം സമാധാനമുള്ളവരായി ഇരിക്കേണ്ടത് ആവശ്യമാണ് എന്നതുപോലെ, അവർ "അന്യോന്യം സമാധാനമുള്ളവരായിരിപ്പാൻ" ശീലിക്കേണ്ടിയിരുന്നു!

*ചെറിയവരെ ബഹുമാനിക്കൽ (മത്തായി 18:10[38]).* ഒരിക്കൽ കൂടെ, "ചെറിയവർ" എന്ന വിഷയത്തിലേക്ക് യേശു മടങ്ങിവന്നു: "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, സ്വർഗ്ഗത്തിൽ അവരുടെ

ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു വെന്ന് ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 18:10). "ഡിസ്പൈസ്" എന്ന വാക്ക് ഗ്രീക്കിൽ നിന്ന് തർജ്ജിമ ചെയ്തതു "ഡൗൺ" എന്നതിനും "മൈൻഡ്" എന്നതിനുമുള്ള വാക്കുകളെ തമ്മിൽ യോജിപ്പിക്കുന്നു. അതു സൂചിപ്പിക്കു ന്നതു മറ്റൊരു വ്യക്തിയെ നാം "തരം താഴ്ത്തി കാണുക" എന്നതിനെയാണ്. ശിശുക്കളെ നാം ഒരിക്കലും തരം താഴ്ന്നു കാണരുത് ... അല്ലെങ്കിൽ പുതിയ ഒരു പരിവർത്തകനെയും ... അല്ലെങ്കിൽ ഏതൊരു ദൈവ പൈതലിനെയും. ഓരോരുത്തരും ദൈവദൃഷ്ടിയിൽ വിലയുള്ളവരാണ്.

വാക്യം 10-ന്റെ അവസാനഭാഗം ആകർഷിപ്പിക്കുന്നതും ആശിപ്പിക്കു ന്നതുമാണ്: "സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിന്റെ മുഖം എപ്പോഴും കാണുന്നു." "കാവൽക്കാരായ ദൂതന്മാരെ" കുറിച്ച് ധാരാളം എഴുതുവാൻ ഈ കുറച്ചു വാക്കുകൾ പ്രേരിപ്പിച്ചിട്ടുണ്ട്. ദൂതന്മാരെ കുറിച്ചു ബൈബിൾ പഠിപ്പിക്കുന്നതു "അവർ ഒക്കെയും രക്ഷപ്രാപിപ്പാനു ള്ളവരുടെ, ശുശ്രൂഷയ്ക്കു അയക്കപ്പെടുന്ന സേവകാത്മാക്കൾ" എന്നാണ് (എബ്രായർ 1:14). കൂടാതെ, മെക്ഗാർവെ ഉദ്ധരിച്ചതു പറയുകയാണെങ്കിൽ, ആ വാക്യം പറയുന്നതു "ദൂതന്മാരുടെ ശുശ്രൂഷ പൊതുവിലുള്ളതു മാത്ര മല്ല പ്രത്യേകമായതുമാണ് എന്നാണ്, ചില വ്യക്തികളെ ശ്രദ്ധിക്കുവാൻ ചില ദൂതന്മാരെ ഏൽപിച്ചിരിക്കുന്നു."[39] ഈ സാധാരണ സത്യങ്ങൾക്കപ്പുറമുള്ള തെന്തും സങ്കൽപ്പമാണ്.

ചിലപ്പോൾ മറഞ്ഞ വഴികളിൽ, ഓരോ ദിവസവും കുട്ടികൾ മരിക്കുന്നു എന്ന വസ്തുത, ആ "കാവൽക്കാരായ ദൂതന്മാർ" ദൈവത്തിന്റെ സ്വാഭാവി കമായ നിയമങ്ങളിന്മേൽ അധികാരമുള്ളവരല്ല എന്ന് നമ്മെ ബോദ്ധ്യപ്പെടു ത്തുവാൻ മതിയായതാണ്. വാസ്തവത്തിൽ, ദൈവത്തിന്റെ വചനത്തിൽ പൊതുവായി പറയുന്നത് എന്തെന്നാൽ ശാരീരകമായ ആരോഗ്യത്തെ കരു തുകയല്ല അവരുടെ പ്രാഥമിക ഉദ്ദേശം, മറിച്ച് ആത്മീയ ക്ഷേമത്തെയാണ് കരുതുന്നത് എന്നാണ്. തന്നെ സ്നേഹിക്കുന്നവരെ ദൈവം കരുതുന്നു എന്നു ള്ളതിന്റെ മറ്റൊരു തെളിവായി നമുക്കു മത്തായി 18:10 എടുക്കാവുന്നതാണ് (1 പത്രൊസ് 5:7; യെഹസ്ക്കേൽ 34:12 നോക്കുക).

*ചെറിയവരെ യഥാസ്ഥാനപ്പെടുത്തൽ (മത്തായി 18:12-14).* നമുക്കു മിക്ക വർക്കും സുപരിചിതമായ ഒരു ചിത്രീകരണത്തോടുകൂടെ കർത്താവു "ചെറി യവരെ" കുറിച്ചുള്ള ഉപദേശം പര്യവസാനിപ്പിക്കുന്നു:

> നിങ്ങൾക്കു എന്തു തോന്നുന്നു? ഒരു മനുഷ്യന്നു നൂറു ആടു ഉണ്ട് എന്നി രിക്കട്ടെ, അവയിൽ ഒന്നു തെറ്റി ഉഴന്നുപോയാൽ, തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ? അതിനെ കണ്ടെത്തിയാൽ, തെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിലും അധികം അതിനെ കുറിച്ച് സന്തോഷിക്കും, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയു ന്നു. അങ്ങനെ തന്നെ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല (മത്തായി 18:12-14).

നഷ്ടപ്പെട്ട ഒരു ബാലനെയും നഷ്ടപ്പെട്ട ഒരു നാണയത്തെയും നഷ്ട പ്പെട്ട ഒരു ആടിനെയും ചിത്രീകരിച്ചുകൊണ്ടാണ് ബൈബിളിലെ ഓർമ്മിക്ക ത്തക്ക അദ്ധ്യായങ്ങളിൽ ഒന്നിനെ യേശു നൽകിയിരിക്കുന്നത്: ലൂക്കൊസ്

15. അവിടെ അവൻ സൂചിപ്പിച്ച പോയിന്റു തന്നെയാണ് ഇവിടെയും പറഞ്ഞത്: ദൈവം "ആരും നശിച്ചുപോകാതെ, എല്ലാവരും മാനസാന്തരപ്പെടുവാനാണ് ആഗ്രഹിക്കുന്നത്" (2 പത്രൊസ് 3:9; കെജെവി).

വീണ്ടും, "ചെറിയവർ" എന്നതിന്റെ വിവിധ വശങ്ങൾ പ്രായോഗികമായി ചിന്തിക്കാവുന്നതാണ്: ശിശുക്കൾ വളരുകയും പാപത്തിന്റെ പർവ്വതങ്ങളിലേക്ക് അകന്നുപോകയും ചെയ്യും (റോമർ 3:23); നാം അവരെ സൗമ്യതയോടെ കർത്താവിങ്കലേക്കു കൊണ്ടുവരണം. ഒരു പുതിയ പരിവർത്തകനായാലും – അല്ലെങ്കിൽ പഴയ പരിവർത്തകനായാലും – വിശ്വാസത്തിൽനിന്ന് "മാറിപോയേക്കാം" (എബ്രായർ 2:1); നാം "അങ്ങനെയുള്ളവരെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തണം" (ഗലാത്യർ 6:1; യാക്കോബ് 5:19, 20 നോക്കുക).

## ഉപസംഹാരം

യേശുവിന്റെ പ്രസംഗം അവസാനിച്ചില്ല. നാം കാണാനിരിക്കുന്നതുപോലെ, സഹോദരങ്ങൾ തമ്മിലുള്ള ബന്ധത്തെ കുറിച്ച് അവൻ പ്രത്യേകമായി പറഞ്ഞിരിക്കുന്നു (മത്തായി 18:15–35). ആ ശക്തമായ വിഷയത്തിന്മേലുള്ള ചർച്ചക്ക് നമ്മുടെ അടുത്ത പാഠം വരെ കാത്തിരിക്കണം.

അവസാനിപ്പിക്കുന്നതിനു,[40] മത്തായി 18:3, 4–ലെ കർത്താവിന്റെ പ്രസ്താവനയിലേക്കു മടങ്ങിവരുവാൻ ഞാൻ ആഗ്രഹിക്കുന്നു: "നിങ്ങൾ തിരിഞ്ഞു ശിശുക്കളെ പോലെ ആയിവരുന്നില്ല എങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല, എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ, സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു" (മത്തായി 18:3, 4). ഒരാൾ ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവനായില്ലെങ്കിൽ അയാൾക്ക് ദൈവരാജ്യത്തിൽ *വലിയവനാകുവാൻ* കഴിയുകയില്ല എന്നാണ് നമ്മുടെ പഠനം കാണിക്കുന്നത്; അത്തരത്തിലുള്ള താഴ്മ കൂടാതെ ദൈവരാജ്യത്തിൽ *പ്രവേശിപ്പാൻ* പോലും സാധ്യമല്ല എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നത് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു.

ചിലർ പാപത്തിൽ നഷ്ടപ്പെട്ടവരാണ് തങ്ങളെന്ന് സമ്മതിക്കുവാൻ അവരുടെ അഹങ്കാരം നിമിത്തം സാധിക്കുന്നില്ല; ചിലർക്ക് യേശുവിന്റെ ആവശ്യകത അംഗീകരിപ്പാൻ അവരുടെ അഹങ്കാരം സമ്മതിക്കുന്നില്ല; ചിലർ സ്നാനമേൽക്കുന്നതിന് കീഴ്പ്പെടുവാനുള്ള മനസ്സുപോലും അഹങ്കാരം നിമിത്തം അവർക്കുണ്ടാകുന്നില്ല. അത്തരം അഹംഭാവം ആത്മാവിനെ നശിപ്പിക്കും! നിങ്ങളുടെ ജീവിതത്തിൽ[41] ആ വ്യണപ്പെടുത്തുന്ന അഹങ്കാരം ഉണ്ടാകാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവിന്റെ ഇഷ്ടം നിങ്ങൾക്ക് അനുസരിക്കണമെന്നുണ്ടെങ്കിൽ, ഇന്നുതന്നെ അഹങ്കാരം നീക്കികളഞ്ഞ് അവനെ അനുസരിക്കുക!

## പ്രസംഗക്കുറിപ്പുകൾ

ഈ പാഠത്തിലെ പല ഭാഗങ്ങളും പ്രസംഗങ്ങളായി രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഈ പാഠത്തിനുശേഷം ഭൂതബാധിതനായ ഒരു ബാലനെ സൗഖ്യമാക്കുന്നതിനെ കുറിച്ചുള്ള ഒരു പ്രസംഗമുണ്ട്. ഈ സംഭവത്തോടുള്ള മറ്റൊരു സമീപനം "പർവ്വതശിഖരത്തിൽനിന്ന് താഴ്വരയിലേക്ക്"

എന്നതാണ്, അതു വിശദീകരിക്കുന്നത് ചിലപ്പോൾ നമുക്ക് "പർവ്വതശിഖര ത്തോളം" അനുഭവങ്ങൾ ആവശ്യമാണ് എന്നാൽ ജീവിതം ജീവിക്കേണ്ടതു താഴ്‌വരകളിലാണ് എന്നാണ്. ആ സംഭവത്തോടുള്ള ബന്ധത്തിൽ മറ്റൊരു സമീപനം "യേശുവിന് നിരുത്സാഹം നേരിട്ട ദിവസം" എന്നാകാം, അതു കർത്താവിന്റെ മാനുഷിക വശത്തിന് ഊന്നൽ കൊടുത്ത് നമ്മെ നിരുത്സാ ഹപ്പെടുത്തുവാൻ അനുവദിക്കുന്ന നമ്മുടെ പ്രവണതയെ പ്രായോഗികമാക്കി പറയുന്നു.

മത്സ്യത്തിന്റെ വായിൽനിന്ന് പണമെടുക്കുന്ന മനം കവരുന്ന ആ അത്ഭു തത്തെ അടിസ്ഥാനമാക്കി കർത്താവിന്റെ പ്രവർത്തിയെ നാം അസുഖകര മാക്കി തീർക്കുവാൻ ഇടവരുത്തരുത് എന്നതിനെ കുറിച്ചുള്ള ഒരു പ്രസംഗം തയ്യാറാക്കാം. വിവിധ ഉദ്ദേശങ്ങൾക്കുവേണ്ടിയാണ് യേശു "ചെറിയവരെ" കുറിച്ചു ഉപദേശിച്ചത്, കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വത്തെയും, പുതിയ പരിവർത്തകരോടും മറ്റുമുള്ള നമ്മുടെ ഉത്തരവാദിത്വത്തെയും, അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളെ പോലെ ആകുന്നതിനെ കുറിച്ച് അനേക പ്രസംഗങ്ങൾ നടത്തുവാൻ ക്രിസ്തു നൽകിയ വെല്ലുവിളി പ്രേരി പ്പിച്ചിട്ടുണ്ട്. "ചൈൽഡ് ലൈക്ക്, ബട്ട് നോട്ട് ചൈൽഡിഷ്" എന്ന പേരിൽ ഒരു പ്രസംഗം ഞാൻ തയ്യാറാക്കിയിട്ടുള്ളത് *ട്രൂത്ത് ഫോർ ടുഡേ*യുടെ 1990 മേയ് ലക്കത്തിൽ വന്നിട്ടുണ്ട്. പൊതുവിൽ പരിവർത്തനത്തെ ("പരിവർത്തനം" എന്ന വാക്കിന്റെ അർത്ഥവും പരിവർത്തനത്തിലുള്ള വിവിധ വസ്തുതകളും) കുറിച്ച് ഉപദേശിക്കുവാൻ ചിലർ "നിങ്ങൾ പരിവർത്തനം ചെയ്യപ്പെട്ടില്ലെങ്കിൽ" എന്ന പദപ്രയോഗത്തെയും ഉപയോ ഗിച്ചിട്ടുണ്ട്.

ഇതാ ഒരു അവസാന കുറിപ്പ്: അടുത്ത പാഠത്തേക്കാൾ കൂടുതൽ സ്വാ ഭാവികമായി മത്തായി 18:15–35 യോജിക്കുന്നത് ഈ പാഠത്തോടാണ്. രണ്ടു പാഠങ്ങൾക്കുമുള്ള വായനാഭാഗം കൂടുതൽ യോജിക്കുവാൻ ഞാൻ ഈ പാഠത്തെ വാക്യം 14–ൽ അവസാനിപ്പിക്കുന്നു. എങ്ങനെയായാലും, യേശു തന്റെ മഹത്തായ ഗലീലിയൻ ശുശ്രൂഷയിലെ പ്രസംഗം അവസാനിപ്പിക്കു ന്നതിനെ പഠിപ്പിക്കുവാൻ, വാക്യം 15 മുതൽ 35 വരെ ഈ പാഠത്തിൽ വേണ മെങ്കിൽ നിങ്ങൾക്ക് ഉൾപ്പെടുത്താം. അങ്ങനെ നിങ്ങൾ ചെയ്താൽ, നിങ്ങൾക്ക് അഞ്ചാമത്തെ "ശിഷ്യത്വത്തിനുള്ള അടയാളം" ചേർക്കാം: "നിങ്ങ ളുടെ വികാരങ്ങൾക്കനുസരിച്ചല്ല, കർത്താവിന്റെ നിർദ്ദേശങ്ങളാൽ നിങ്ങൾ നയിക്കപ്പെടുമാറാകട്ടെ."

---

കുറിപ്പുകൾ

[1]ദ ലിവിങ് ബൈബിൾ പാരാഫ്രെയിസ്. [2]യേശുവിന്റെ വിമർശകരുടെ മനോഭാവ ങ്ങളും പ്രവർത്തികളും അന്തർലീനമാക്കിയിരിക്കുന്നു. [3]2 തിമൊഥെയൊസ് 2:13 നോക്കു ക. [4]സംഭവത്തെ കുറിച്ചു കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിൽ ഇനി വരുന്ന മറ്റൊരു പ്രസംഗം നോക്കുക. [5]മർക്കൊസിന്റെ വിവരണം വിശേഷിപ്പിക്കുന്നു, "പ്രാർത്ഥ നയാൽ അല്ലാതെ ഈ ജാതി മറ്റൊന്നിനാലും പുറപ്പെട്ടുപോകയില്ല" (മർക്കൊസ് 9:29). പ്രാർത്ഥനയും വിശ്വാസവും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള ചർച്ചക്കായി ഇതിനെ തുടർന്നുവരുന്ന പ്രസംഗം നോക്കുക. [6]ഈ അത്ഭുത സൗഖ്യമാക്കലിനെ കുറിച്ച് വിവ

രിച്ചിരിക്കുന്നതു കാണുവാൻ ഈ പുസ്തകത്തിൽ പിന്നീടു കൊടുത്തിരിക്കുന്ന “എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ,” എന്നതിൽ നോക്കുക. [7]അവർ എപ്പോഴാണ് ഗലീലിയിലേക്ക് മടങ്ങിവന്നത് എന്ന് വ്യക്തമല്ല. മിക്ക വ്യാഖ്യാതാക്കളും കരുതുന്നത് മറുരൂപവും ഭൂത–ബാധിതനായ ബാലനെ സൗഖ്യമാക്കിയതും നടന്നത് ഫിലിപ്പിയിലെ കൈസര്യയിൽ വെച്ചാണെന്നും, കൂടാതെ, ആ സംഭവങ്ങൾക്കു*ശേഷം*, യേശു ഗലീലയിലേക്കു മടങ്ങിയെന്നുമാണ്. ചിലർ കരുതുന്നതു യേശുവും പന്തിരുവരും മറുരൂപത്തിനും ആ സൗഖ്യമാക്കലിനും മുൻപുതന്നെ ഗലീലിയിലേക്കു മടങ്ങിവന്നിരുന്നു എന്നാണ്. അപൂർവ്വം ചില വ്യാഖ്യാതാക്കൾ വിചാരിക്കുന്നതു ഗലീലിയിലേക്കുള്ള മടങ്ങിവരവു മറുരൂപത്തിനും ആ സൗഖ്യമാക്കലിനും *ഇടയ്ക്കായിരുന്നു* സംഭവിച്ചതെന്നാണ്. [8]മർക്കൊസിന്റെ വിവരണത്തിൽ പറയുന്നതു “മൂന്നു ദിവസങ്ങൾക്കു*ശേഷം*” എന്നാണ് എന്നാൽ മത്തായിയുടേതിൽ “മൂന്ന*ാം* ദിവസം” എന്നാണ്. നമുക്കു പലർക്കും, ആ രണ്ട് വാക്കുകൾക്കും വ്യത്യസ്ത അർത്ഥമാണുള്ളത് – എന്നാൽ യെഹൂദന്മാർക്ക് അങ്ങനെ ആയിരുന്നില്ല. യേശു മൂന്നുദിവസം കല്ലറയിൽ ഉണ്ടായിരുന്നോ ഇല്ലയോ എന്നതിനെ കുറിച്ചു നാം പഠിക്കുമ്പോൾ ഇത് ഓർമ്മിക്കുക. [9]യേശുവിന്റെ മരണത്തെ കുറിച്ചുള്ള ഈ പ്രഖ്യാപനശേഷം, ദൈവരാജ്യത്തിൽ ആരായിരിക്കും വലിയവൻ എന്ന് അപ്പൊസ്തലന്മാർക്കിടയിൽ തർക്കമുണ്ടായി (ലൂക്കൊസ് 9:45, 46 നോക്കുക). അവരുടെ മനസ്സിൽ അപ്പോഴും ഭൗതികവും, ഭൗമികവും, രാഷ്ട്രീയപരവുമായ രാജ്യമാണ് ഉള്ളത്. തന്റെ മരണത്തെ കുറിച്ചുള്ള യേശുവിന്റെ ഉപദേശം എങ്ങനെ അപ്പൊസ്തലന്മാരുടെ അതേ ധാരണയുള്ള മറ്റു യെഹൂദന്മാരെ കുഴപ്പിച്ചു എന്നതിന് ഉദാഹരണം കാണുവാൻ, യോഹന്നാൻ 12:33, 34 നോക്കുക. [10]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ലൂക്ക്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ളിഷിങ് ഹൗസ്, 1975), 187.

[11]മുൻപ് ചുങ്കം പിരിച്ചിരുന്ന, മത്തായി മാത്രമാണ്, ദേവാലയ–ചുങ്കത്തെ കുറിച്ച് രേഖപ്പെടുത്തിയത്. [12]“ദ്വി–ദ്രഹ്മ” ഗ്രീക്കിൽ ഒറ്റവാക്കിൽ നിന്നുള്ളതാണ്. [13]പുതിയ നിയമത്തിൽ ഏക–ദ്രഹ്മയെ സൂചിപ്പിച്ചിരിക്കുന്നത് ലൂക്കൊസ് 15:8, 9–ൽ മാത്രമാണ്. മത്തായി 17–ലെ വാക്ക് സൂചിപ്പിക്കുന്നത് ദ്വി–ദ്രഹ്മയെയാണ്. [14]ഞാൻ താമസിക്കുന്ന പ്രദേശത്ത്, ഞങ്ങൾ “ദ മിനിമം വേജ്” എന്നു പറയും. [15]എൻകെജെവിയും എൻഐവിയും നോക്കുക. [16]പ്രമാണിമാരോടു സംസാരിച്ചശേഷം പത്രൊസ് “വീട്ടിലേക്കുവന്നതു” കൊണ്ടു (മത്തായി 17:25), ആ സംഭാഷണം നടന്നപ്പോൾ അവൻ വീടിനു പുറത്തായിരിക്കണം. [17]പത്രൊസിനെയും ഒഴിവാക്കിയിരുന്നു എന്നല്ല യേശു പറഞ്ഞത്; അപ്പൊസ്തലൻ ചുങ്കത്തിൽനിന്ന് ഒഴിവുള്ളവനാണെങ്കിലും അല്ലെങ്കിലും, ക്രിസ്തു തീർച്ചയാക്കിയത് ഒന്നുതന്നെ: ചുങ്കം കൊടുക്കുക തന്നെ വേണം എന്നതാണ്. [18]വ്യവസായിയായ മീൻപിടുത്തക്കാരൻ ആകകൊണ്ടു, പത്രൊസ് സാധാരണ വല ഉപയോഗിച്ചിരുന്നു (മത്തായി 4:18), എന്നാൽ ഒരു വലയിൽ നൂറുകണക്കിനു മീൻപിടിച്ചിരുന്നു. പത്രൊസിനു ഈ സമയത്തുവേണ്ടതു ആകെ ഒരു മീനിനെയായിരുന്നു. [19]റിച്ചാർഡ് റോജേഴ്സ്, *ബിഹോൾഡ് യുവർ കിങ് (ബുക്ക് ഓഫ് മാത്യു)* (ലബോക്ക്, ടെക്സ്.: സൺസെറ്റ് സ്റ്റഡി സീരീസ്, എൻ.ഡി.), 22. [20]എൻഐവി നോക്കുക. ഇവിടെ മാത്രമാണ് പുതിയ നിയമത്തിൽ ചതുർ–ദ്രഹ്മ നാണയം സൂചിപ്പിച്ചിരിക്കുന്നത്.

[21]ചില സാഹചര്യങ്ങളിൽ അവകാശങ്ങൾ ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചു രണ്ട് ദീർഘ വിവരണങ്ങൾ പൗലൊസ് എഴുതിയിട്ടുണ്ട് (റോമർ 14; 1 കൊരിന്ത്യർ 8–10). [22]മത്തായി 20:21; മർക്കൊസ് 10:37–ഉം നോക്കുക. [23]കഫർന്നഹൂം (മർക്കൊസ് 9:33). അവർ കഫർന്നഹൂമിലേക്ക് മടങ്ങിവന്നശേഷം, ഗലീലിയിൽ വളരെ സഞ്ചരിച്ചിരുന്നു. [24]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെന്റിൽറ്റണും, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി:

സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 430–31. [25]ഇത് പത്രൊസിന്റെ മക്കളിൽ ഒരാൾ ആയിരിക്കാം? [26]മുൻപത്തെ ഭാഗത്തു ചർച്ച ചെയ്ത യോഗ്യതയിൽ വാസ്തവത്തിലുള്ള താഴ്മ കാണാം: സ്വയം–മറക്കൽ. പൊതുവായി പറഞ്ഞാൽ, കൊച്ചുകുട്ടികൾ തങ്ങളെ അർത്ഥശൂന്യമായി "വലിയവൻ" എന്നോ "പ്രാധാന്യമില്ലാത്തവൻ" എന്നോ തരംതിരിച്ചു പറയാറില്ല. [27]തുടർന്നുള്ള ദിവസങ്ങളിൽ, സ്വയ–അഭിലാഷത്തിന് എതിരായി ശിഷ്യന്മാരെ പലപ്പോഴും യേശു മുന്നറിയിച്ചിട്ടുണ്ട് (നോക്കുക മത്തായി 23:8–12; ലൂക്കൊസ് 22:24–27). [28]നോക്കുക ലൂക്കൊസ് 14:11; 18:14; പ്രവൃത്തികൾ 20:19; എഫെസ്യർ 4:2; കൊലൊസ്യർ 3:12; യാക്കോബ് 4:6; 1 പത്രൊസ് 3:8. [29]മത്തായി 18:6 പറയുന്നത് *വിശ്വസിക്കുന്ന* ചെറിയവരെയാണ്. മർക്കൊസ് 9:37 ചെറിയവരെ സ്വീകരിക്കുന്നത് ഒരു പാനപാത്രം വെള്ളം *ഒരു ശിഷ്യനു* കൊടുക്കുന്നതിനു തുല്യമായി കാണുന്നു. *ദൂരെ പോകുന്ന* ആടിനെ കുറിച്ച് മത്തായി 18:12, 13 പറയുന്നതു "ചെറിയവരെ" കുറിച്ചുള്ള പ്രത്യേക സൂചനയാണ് (വാ. 14). [30]തന്റെ ശിഷ്യന്മാരെ ആളുകൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് യേശു ഇതേ വാക്ക് മുൻപു ഉപയോഗിച്ചിട്ടുണ്ട് (മത്തായി 10:40; യോഹന്നാൻ 13:20 നോക്കുക).

[31]"ശത്രുവായി കണക്കാക്കാത്തവനെ മിത്രമായി കണക്കാക്കിയേക്കാം" (റോബെർട്ട് എൽ. തോമസ്, എഡി., ആന്റ് സ്റ്റാൻലി എൻ. ഗൺറി, അസോസ്. എഡി., *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* [ഷിക്കാഗോ: മൂഡിപ്രെസ്, 1978], 125). [32]ഞാൻ താമസിക്കുന്ന പ്രദേശത്ത്, ഞങ്ങൾ പറയും "ദ ഫ്ളിപ് സൈഡ്." [33]പുരാതന കാലത്ത്, ചില സംസ്കാരം മൈൽക്കുറ്റി കഴുത്തിൽ കെട്ടി കടലിൽ താഴ്ത്തി കളഞ്ഞുകൊണ്ടുള്ള മരണശിക്ഷ നടത്താറുണ്ട്. അടുത്ത കാലത്ത്, അമേരിക്കയിൽ കൊള്ളക്കാരെ വലിയ ഭാരം കെട്ടിത്തൂക്കി, നദികളിൽ, തടാകങ്ങളിൽ അല്ലെങ്കിൽ കടലുകളിൽ ഒഴുക്കി വിട്ടിരുന്നു. [34]യേശു നരകത്തെ (*ഗെഹെന്ന*) വിവരിക്കുവാൻ ആലങ്കാരികമായ ഭാഷയാണ് ഉപയോഗിച്ചത് എന്നതു വ്യക്തമാണ്: അക്ഷരീകമായ തീയിൽ അക്ഷരീകമായ പുഴുക്കൾ ജീവിക്കുകയില്ല. യെരുശലേമിന്റെ തെക്കുള്ള ബെൻ–ഹിന്നോം അല്ലെങ്കിൽ, ഹിന്നോം താഴ്വരയിലെ ചപ്പു കൂമ്പാരത്തിൽ നിന്നാണ് പുഴു (മാഗൊട്ട്സ്) എന്നതും തീ എന്നതുമായ ആലങ്കാരിക പ്രയോഗങ്ങൾ ഉണ്ടായത് എന്നു പൊതുവിൽ സമ്മതിക്കും (നോക്കുക 2 ദിനവൃത്താന്തം 28:3; 33:6; നെഹമ്യാവു 11:30; യിരെമ്യാവു 7:31, 32; 19:2, 6; 32:35). പുഴുക്കൾ എന്ന ആലങ്കാരിക പ്രയോഗം ഒരുപക്ഷെ സൂചിപ്പിക്കുന്നത് നിത്യമായും വേദനിപ്പിക്കുന്ന കുറ്റാരോപണ മനസാക്ഷിയെ ആയിരിക്കാം (ലൂക്കൊസ് 16:25–28), എന്നാൽ തീയുടെ ആലങ്കാരിക പ്രയോഗം സൂചിപ്പിക്കുന്നത് ദൈവസന്നിധിയിൽ നിന്ന് എന്നേക്കുമായി വേർപെടുന്ന വേദനയെയാണ് (2 തെസലൊനിക്യർ 1:9). [35]ഈ വേദഭാഗത്തെ കുറിച്ചുള്ള ചർച്ചക്ക് *ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ഞാനോ നിങ്ങളോടു പറയുന്നു" (മലമ്പ്രസംഗം, 1) എന്ന പാഠം നോക്കുക. [36]കെജെവി വിശേഷിപ്പിക്കുന്നത് "ഓരോ യാഗവും ഉപ്പ് ചേർക്കുന്നവയായിരുന്നു." ആ വാക്കുകൾ മിക്ക പ്രാരംഭ കയ്യെഴുത്തു പ്രതികളിലും ഇല്ല, എന്നാൽ സൂക്ഷിപ്പ് എന്ന ആശയത്തെയാണ് അത് അപ്പോഴും ഊന്നിപ്പറയുന്നത്: പഴയനിയമ കാലത്ത്, ഉടമ്പടിയുടെ ഉപ്പ് (ലേവ്യാപുസ്തകം 2:13) യാഗത്തെ ശുദ്ധീകരിക്കുകയും സൂക്ഷിക്കുകയും ചെയ്തിരുന്നു. [37]"നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ നിങ്ങൾ വിലയുള്ളവരാണ്," എന്ന പാഠം *ക്രിസ്തുവിന്റെ ജീവിതം, 2* ൽ വരുന്നതു നോക്കുക. [38]കെജെവി വാക്യം 11 ചേർത്തിരിക്കുന്നത്, മിക്ക പ്രാരംഭ കയ്യെഴുത്തു പ്രതികളിലും കാണുന്നില്ല. ആ വാക്കുകൾ നാം പിന്നീട്, ലൂക്കൊസ് 19:10–ൽ കാണും. [39]മെക്ഗാർവെ ആന്റ് പെൻലെറ്റൺ, 434. [40]ഇപ്പോൾ പാഠത്തിലെ മുഖ്യ പോയിന്റുകൾ അവലോകനം നടത്തുന്നതിന് സ്ഥലം അനുവദിക്കുന്നില്ല, നിങ്ങൾക്കു വേണമെങ്കിൽ അതു ചെയ്യാം.

[41]അഹങ്കാരത്തെ കുറിച്ചുള്ള പുതിയ നിയമ വേദഭാഗങ്ങൾക്ക് ഇതാ ഉദാഹരണങ്ങൾ: റോമർ 1:30; 2 തിമൊഥെയൊസ് 3:2; യാക്കോബ് 4:6; 1 യോഹന്നാൻ 2:16.